## കാറ്റഗറി നമ്പർ : 524/2021
## രണ്ടാം എൻ.സി.എ.വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തിലെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| **1.** | വകുപ്പ് | : | പൊതുമരാമത്ത് വകുപ്പ് ( ആർക്കിടെക്ച്ചറൽ വിഭാഗം) |
| **2.** | ഉദ്യോഗപ്പേര് | : | ആർക്കിടെക്ച്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II |
| **3.** | ശമ്പളം | : | ₹ 31,100 – 66,800 /- |
| **4.** | ഒഴിവുകളുടെ എണ്ണം | : | ഈഴവ/തിയ്യ/ബില്ലവ – 01 (ഒന്ന്) |

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ **08.10.2012–ൽ (**കാറ്റഗറി നമ്പർ **:215/2007,** ഗസറ്റ് തീയതി**:26.06.2007)** നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഈഴവ/തിയ്യ/ബില്ലവ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവിലേക്കും നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. കാറ്റഗറി നം**. 591/13** ആയി **31.12.2013–**ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒന്നാം എൻ**.**സി**.**എ**.** വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന രണ്ടാം എൻ**.**സി**.**എ**.** വിജ്ഞാപനമാണിത്**.**

**5.** **നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :**
മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6.** **പ്രായപരിധി** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥ കളിലെ പാർട്ട് 2 ഖണ്ഡിക 2(i) ഉൾപ്പെടെ. )

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക 2(i) ഒഴികെ)

കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ചറൽ വിഭാഗം) സബോഡിനേറ്റ് സർവ്വീസിലെയും പൊതുമരാമത്ത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെയും ജീവനക്കാർക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല. എന്നിരുന്നാലും യാതൊരു കാരണവശാലും ഉയർന്ന പ്രായ പരിധി 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ** :

1. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ നൽകുന്ന ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻഷിപ്പ് സർട്ടിഫിക്കറ്റ്. (പരിശീലനത്തോടു കൂടിയ രണ്ട് വർഷത്തെ കോഴ്സ്)

അല്ലെങ്കിൽ

ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) നൽകുന്ന പരിശീലനത്തോടു കൂടിയ ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. ഒരു രജിസ്റ്റേഡ് ആർക്കിടെക്റ്റിന്റെ കീഴിലോ രജിസ്റ്റേഡ് സിവിൽ എഞ്ചിനീയറിംഗ് സ്ഥാപനത്തിൽ നിന്നോ നേടിയ ഒരു വർഷത്തെ കമ്പ്യൂട്ടർ എയ്ഡഡ് ബിൽഡിംഗ് ഡ്രാഫ്റ്റിംഗിലുള്ള പരിചയം.

3. ഓട്ടോ കാഡ് ലെവൽ 1, 2 എന്നിവയിൽ കമ്പ്യൂട്ടർ ഡ്രാഫ്റ്റിംഗിലെ വൈദഗ്ദ്ധ്യം അല്ലെങ്കിൽ കാലാകാലങ്ങളിൽ കേരള സർക്കാർ തത്തുല്യമായി വിജ്ഞാപനം ചെയ്തിട്ടുള്ള സമാനമായ ഏതെങ്കിലും ആർക്കിടെക്ചറൽ CAD സോഫ്റ്റ് വെയറിലെ വൈദഗ്ദ്ധ്യം.

**മുകളിൽ പറഞ്ഞ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, താഴെപ്പറയുന്ന യോഗ്യതകളും പരിഗണിക്കുന്നതാണ്.**

എ) 1) 1. എസ്.എം.ടി. ഇൻസ്റ്റിറ്റ്യൂട്ടിലെ രണ്ട് കൊല്ലത്തെ ഓവർസീയർ കോഴ്സ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

2. കെ.ജി.ടി.ഇ.യുടെയോ എം.ജി.ടി.ഇ.യുടെയോ ഗ്രൂപ്പ് സർട്ടിഫിക്കറ്റ് (ബിൽഡിംഗ് കൺസ്ട്രക്ഷൻ, ബിൽഡിംഗ് ഡ്രോയിംഗ്, സർവെ, ഇറിഗേഷൻ എന്നീ നാല് ഗ്രൂപ്പുകളും ഇതിൽ ഉൾപ്പെടുന്നു.)

അല്ലെങ്കിൽ

കെ.ജി.ടി.ഇ.യുടെയോ എം.ജി.ടി.ഇ.യുടെയോ താഴെപ്പറയുന്ന എട്ട് വിഷയങ്ങൾ പാസ്സായിരിക്കണം.

I) സർവ്വേയിംഗ് ആന്റ് ലവലിംഗ് (ഹയർ)
II) അപ്ലൈഡ് മെക്കാനിക്ക്സ് (ഹയർ)
III) ബിൽഡിംഗ് മെറ്റീരിയൽസ് ആന്റ് കൺസ്ട്രക്ഷൻ (ഹയർ)
IV) ഹൈഡ്രോളിക്സ് ആന്റ് ഇറിഗേഷൻ (ഹയർ)
V) ബിൽഡിംഗ്, ഡ്രോയിംഗ് ആന്റ് എസ്റ്റിമേറ്റിംഗ് (ഹയർ)
VI) എർത്ത് വർക്ക് ആന്റ് റോഡ് മേക്കിംഗ് (ഹയർ)
VII) ജ്യോമട്രിക്കൽ ഡ്രോയിംഗ് (ലോവർ)
VIII) മെൻസുറേഷൻ (ലോവർ)

അല്ലെങ്കിൽ

3. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലെ രണ്ടു കൊല്ലത്തെ സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

4. ഇൻഡ്യാ ഗവണ്മെന്റിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, ചാലക്കുടി, കണ്ണൂർ അല്ലെങ്കിൽ മറ്റ് എവിടെയെങ്കിലുമോ നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ 18 മാസത്തെ കോഴ്സും, 6 മാസത്തെ പ്രായോഗിക പരിശീലനവും കഴിഞ്ഞ ശേഷം ലഭിക്കുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പ് ഡിപ്ലോമ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ)

അല്ലെങ്കിൽ

5. ഗവണ്മെന്റ് നടത്തുന്ന ഓവർസീയർ കോഴ്സ് പാസ്സായിരിക്കണം.

ബി) ഡ്രോയിംഗിലുള്ള പ്രാവീണ്യം

**കുറിപ്പ്** : ആർക്കിടെക്ചറൽ ഡ്രാഫ്റ്റിഗിലും, ഫ്രീഹാൻഡ് ഡ്രോയിംഗിലും ഒരു പ്രായോഗിക പരീക്ഷ നടത്തി ആർക്കിടെക്ചറൽ ഡ്രോയിംഗിലുള്ള പ്രാവീണ്യം തിട്ടപ്പെടുത്തുന്നതാണ്.

**കുറിപ്**

i) KS & SSR പാർട്ട് II റൂൾ 10 (a) (ii) ബാധകമാണ് .

ii) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമെ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

iii) ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

iv) പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന

സമയത്ത് ഹാജരാക്കേണ്ടതാണ്.

## പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലം

. . . . . . . . . . . . . . . . . . . . . . . . . . . . . . . . ( ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) എന്ന ഞാൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്, കമ്പനി, കോർപ്പറേഷൻ, സർക്കാർ വകുപ്പ്, സഹകരണ സ്ഥാപനം മുതലായവ.) . . . . . . . . . . . . . . . . . . . . . . . . . . . . . . . തസ്തികയിൽ സ്ഥിരമായി/ താൽക്കാലികമായി/ അപ്രന്റീസ്/ ട്രെയിനി/കാഷ്വൽ ലേബറർ ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക). . . . . . . . . . . . . . . . രൂപ മാസശമ്പളത്തിൽ/ ദിവസശമ്പളത്തിൽ . . . . . . . . . . . . മുതൽ . . . . . . . . . . . . . . . . . വരെയുള്ള . . . . . . . . . . . . . . . . വർഷം . . . . . . . . . . . . . . . . . മാസം . . . . . . . . . . . . . . . . . . ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നിശ്ചിത മാതൃകയിൽ ഉള്ള പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്.

സ്ഥലം :

തീയതി : **ഉദ്യോഗാർത്ഥിയുടെ ഒപ്പ്**

## അനുബന്ധം

### പരിചയസർട്ടിഫിക്കറ്റിന്റെ മാതൃക

സ്ഥാപനത്തിന്റെ പേര് :

(കമ്പനി / കോർപ്പറേഷൻ/ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്/സഹകരണ സ്ഥാപനങ്ങൾ മുതലായവ)

രജിസ്റ്റർ നമ്പർ :
(കൗൺസിൽ ഓഫ് ആർക്കിടെക്ട്സ് രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ)

രജിസ്ട്രേഷൻ നൽകുവാൻ അധികാരപ്പെട്ട ആൾ / സ്ഥാപനം :

### പരിചയസർട്ടിഫിക്കറ്റ്

ശ്രീ/ശ്രീമതി.......................................................................................................................
(ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ............................................................................ (തസ്തികയുടെ പേര് / ജോലിയുടേ സ്വഭാവം / കമ്പ്യൂട്ടർ എയ്ഡഡ് ബിൽഡിംഗ് ഡ്രാഫ്റ്റിംഗ് സ്വഭാവത്തിലുള്ള ജോലി ഇവയിലേതെങ്കിലും) ആയി ................................................ രൂപ മാസ /വാർഷിക ശമ്പളത്തിൽ ........................................ മുതൽ .................................................... വരെ ............... വർഷം ....................... മാസം ..................... ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

സ്ഥലം: സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ ഒപ്പ്

തീയതി: (തീയതി സഹിതം), പേര്, ഔദ്യോഗിക

(ഓഫീസ് സീൽ) പദവി, സ്ഥാപനത്തിന്റെ പേര്.

**സാക്ഷ്യപത്രം**

......................................... എന്ന നിയമത്തിൽ / ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട.......................................... രജിസ്റ്റർ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ.......................................ആയി ജോലി ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ............................. എന്ന ചട്ട പ്രകാരം ടി സ്ഥാനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച്സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ തീയതി സഹിതമുള്ള ഒപ്പ്,പേര്,ഉദ്യോഗപ്പേര്,ആഫീസ്

തീയതി:

സ്ഥലം: (ഓഫീസ് സീൽ)

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി :**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ **Apply Now** -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ **31/12/2011**-ന് ശേഷം എടുത്തതായിരിക്കണം ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print**

**out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) "ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്."

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9.** അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: **22.12.2021 ബുധനാഴ്ച രാത്രി 12.00** മണി വരെ.

**10.** അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് : www.keralapsc.gov.in
(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**